(ബി) എൻട്രൻസ് പരീക്ഷാ നടത്തിപ്പിൽ ഉണ്ടായ തെറ്റുകൾക്ക് ആരാണ് ഉത്തരവാദിയെന്ന് വെളിപ്പെടുത്താമോ ;

(സി) ഇവർക്കെതിരെ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനെ തുടർന്ന് ചോദ്യപേപ്പറിൽ ഉണ്ടായ തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള കേസുകൾ ബഹു. ഹൈക്കോടതിയിലെത്തുകയും തുടർന്ന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കുകയുമാണുണ്ടായത്. ചോദ്യകർത്താക്കളാണ് ഈ തെറ്റുകൾക്ക് ഉത്തരവാദികൾ. മേലിൽ ഇവരെ ചോദ്യപേപ്പർ ഉണ്ടാക്കാൻ നിയോഗിക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്.

മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ

102 (2082) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. മുരളി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനത്തിനായി എത്ര പൊതു പ്രവേശന പരീക്ഷകൾ നടന്നു ;

(ബി) ഇതിൽ ഏതെല്ലാം പ്രവേശന പരീക്ഷക്കുശേഷം നടന്ന അഡ്മിഷനുകളിൽ ക്രമക്കേടുള്ളതായി ആരോപണം വന്നു ;

(സി) ഏതെല്ലാം പരീക്ഷയുടെ ഫലമായി നടത്തിയ പ്രവേശനങ്ങളെ ചോദ്യം ചെയ്തുകൊണ്ട് കോടതിയിൽ കേസ് നൽകി ;

(ഡി) ഈ കേസുകളിൽ ഉന്നയിക്കപ്പെട്ട വാദങ്ങൾ എന്തെല്ലാമായിരുന്നു ;

(ഇ) ഈ കേസുകൾ സംബന്ധിച്ച വിധിയെന്തായിരുന്നു ;

(എഫ്) ഈ വിധികളുടെ വെളിച്ചത്തിൽ എത്ര പരീക്ഷകളെ സംബന്ധിച്ച് നടന്ന പ്രവേശനം പുനഃപരിശോധിക്കേണ്ടതായി വന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശനത്തിനായി 1997 മേയ്, 1998 ജൂൺ, 1999 ജൂൺ എന്നീ വർഷങ്ങളിലായി മൂന്ന് പ്രവേശന പരീക്ഷകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) അഡ്മിഷനുകളിൽ ക്രമക്കേടുള്ളതായി തെളിയിക്കപ്പെട്ടിട്ടില്ല. അഡ്മിഷനുകൾക്ക് അവലംബിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. കാലാകാലങ്ങളിൽ ഇതു സംബന്ധിക്കുന്ന ഉത്തരവുകൾ ചോദ്യം ചെയ്തുകൊണ്ടുള്ള അനേകം ഹർജികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. അതിൻമേലുണ്ടായ കോടതി വിധിയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി-എഫ്) അനുബന്ധമായി ചേർത്തിരിക്കുന്നു†.

എഞ്ചിനീയറിംഗ് മെഡിക്കൽ പ്രവേശന പരീക്ഷ

103 (2083) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് മെഡിക്കൽ പ്രവേശന പരീക്ഷയുടെ ചോദ്യങ്ങൾ പരീക്ഷാർത്ഥിക്ക് കൊടുത്തുവിടാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പരീക്ഷകളിൽ പരീക്ഷാർത്ഥി ഉത്തരം അടയാളപ്പെടുത്തേണ്ടത് പെൻസിൽ കൊണ്ടാണോ പേന കൊണ്ടാണോ എന്നു വെളിപ്പെടുത്തുമോ ;

(സി) കേന്ദ്രപൂളിലെ മെഡിക്കൽ സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് നടത്തുന്ന പരീക്ഷയിൽ ഉത്തരങ്ങൾ മാർക്കു ചെയ്യേണ്ടത് പെൻസിൽ കൊണ്ടാണോ പേന കൊണ്ടാണോ ;

(ഡി) സംസ്ഥാനത്ത് നടത്തുന്ന പൊതുപ്രവേശന പരീക്ഷയുടെ ഉത്തരങ്ങളും പേനകൊണ്ട് അടയാളപ്പെടുത്താൻ അനുവദിക്കുന്നതിലുള്ള ബുദ്ധിമുട്ടെന്തെന്ന് വിശദീകരിക്കുമോ ;

(ഇ) സംസ്ഥാനത്ത് നടത്തുന്ന പൊതുപ്രവേശന പരീക്ഷയുടെ ഉത്തര കടലാസുകൾ ബന്ധപ്പെട്ട പരീക്ഷാർത്ഥിയെ കാണിക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) തുടക്കം മുതൽ അനുവർത്തിച്ചുവന്ന ഒരു നയമാണിത്. ചോദ്യപേപ്പറിന്റെ രഹസ്യസ്വഭാവം നിലനിർത്തുന്നതിനായിരുന്നു. എന്നാൽ 2000 മേയ് മാസത്തിൽ നടത്താനിരിക്കുന്ന പ്രവേശന പരീക്ഷ മുതൽ ചോദ്യപേപ്പർ കൊടുത്തുവിടാനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

(ബി) പെൻസിൽ കൊണ്ട്.

(സി) വിവരം ലഭ്യമല്ല.

(ഡി) വേണ്ടുന്ന യന്ത്രസജ്ജീകരണങ്ങൾ ഇല്ലാത്തതിനാലും പെൻസിലിനേക്കാൾ പേനയാണ് മെച്ചം എന്ന് പരിശോധിച്ചു തെളിയിക്കപ്പെടാത്തത് കാരണവും.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVI

[9-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 102(2082)-ന്റെ 'ഡി','ഇ' & 'എഫ്' ഉത്തരം ദയവായി കാണുക]

ഈ സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്ന് സെൽഫ് ഫൈനാൻസിംഗ് കോളേജുകളിലെ അഡ്മിഷനുകളിൽ ധാരാളം പെയ്മെന്റ് സീറ്റുകൾ ഫ്രീ സീറ്റാക്കി, അവയിൽ മെരിറ്റടിസ്ഥാനത്തിൽ കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. അതിനെ തുടർന്ന് 1996-97-ലെ അഡ്മിഷനുകളിൽ നിലനിന്നിരുന്ന പ്രോസ്പെക്ടസ് വ്യവസ്ഥകളിലും ഭേദഗതികൾ അനിവാര്യമായി വന്നു. ഈ വിധത്തിൽ 1996-97-ൽ 400-ൽപരം വിദ്യാർത്ഥികൾക്ക് മെരിറ്റ് സീറ്റുകൾ റാങ്കടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചു. ഈ നിലയിൽ കൈക്കൊണ്ട നടപടികളെ അടിസ്ഥാനപ്പെടുത്തി 1995-96-ലെ പൊതുപ്രവേശന പരീക്ഷയിൽ ക്രമക്കേടുകൾ ആരോപിച്ചുകൊണ്ട് നിരവധി കേസുകൾ ഹൈക്കോടതിയിൽ നിലവിൽ വന്നു. പേമെന്റ് സീറ്റുകൾ മെരിറ്റ് സീറ്റുകളാക്കി മാറ്റിയതും അപേക്ഷാ ഫാറത്തിൽ കാണിച്ചിരുന്ന ഓപ്ഷനുകൾ മാറ്റുന്നതിനും സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിനും അവസരം നൽകിയതും സ്പോർട്സ്, എൻ.സി.സി ക്വാട്ടകളിൽ അർഹതയുള്ളവരെ കണ്ടെത്തുന്നതിനുവേണ്ടി ഇറക്കിയ ഉത്തരവുകളും ഏതെങ്കിലും പേപ്പറിന് ഹാജരാകാതിരിക്കുന്ന വിദ്യാർത്ഥികൾക്ക് മൊത്തം മാർക്ക് അടിസ്ഥാനമാക്കി വച്ച് തിട്ടപ്പെടുത്തിയിരുന്ന രീതിയെ ചോദ്യം ചെയ്തുകൊണ്ടും പരീക്ഷയിൽ ക്രമക്കേട് ഉണ്ടെന്നായിരുന്നു 1996-97-ലെ ബഹുഭൂരിപക്ഷം കേസുകളിലും ഉന്നയിക്കപ്പെട്ടിരുന്ന ആരോപണം. എന്നാൽ ബഹു. ഹൈക്കോടതി പ്രസ്തുത ആരോപണങ്ങൾ നിരർത്ഥകമാണെന്നായിരുന്നു ആരോപണങ്ങൾ ഓരോന്നായി പരിശോധിച്ചശേഷം വിധി പ്രസ്താവിച്ചത്.

1997-98-ൽ ഒറ്റപ്പെട്ട കേസുകൾ ഹൈക്കോടതിയിൽ വരുകയുണ്ടായി. 1998-99-ൽ കോളേജടിസ്ഥാനത്തിൽ സംവരണ സീറ്റുകൾ നിലനിർത്തി കൊണ്ടുള്ള തീരുമാനത്തെ ചോദ്യം ചെയ്തുകൊണ്ട് നിരവധി കേസുകൾ ഫയൽ ചെയ്യപ്പെട്ടു. തുടർന്ന് സർക്കാർ പ്രശ്നം പുനഃപരിശോധിക്കുകയും കോളേജിലെ സംവരണതത്വം പാലിക്കുന്നതിനു പകരം സംസ്ഥാനതല സംവരണതത്വം അംഗീകരിച്ചുകൊണ്ട് ഉത്തരവ് 7-10-1998-ൽ പുറപ്പെടുവിക്കുകയും അത് അനുസരിച്ച് പ്രവേശനം പുനഃക്രമീകരിക്കുകയും ചെയ്തു. ഈ നടപടി ക്രമങ്ങൾ വിവിധ കേസുകളിൽ ചോദ്യം ചെയ്യപ്പെട്ടുവെങ്കിലും സർക്കാർ നടപടി കോടതി അംഗീകരിക്കുകയാണുണ്ടായത്. ഓരോ കേസുകളും വ്യത്യസ്ഥസ്വഭാവം ഉൾക്കൊള്ളുന്നതായിരുന്നുവെങ്കിലും സർക്കാർ കൈക്കൊണ്ട നടപടി കോടതി അംഗീകരിക്കുകയായിരുന്നു 1999-2000 വർഷം കേസുകളുടെ സ്വഭാവത്തിൽ വ്യത്യാസമുണ്ടായിരുന്നു. സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള പ്രൊഫസർമാർ തയ്യാറാക്കിയ ചോദ്യപേപ്പറുകളിൽ വന്ന ചില തെറ്റുകളെ അടിസ്ഥാനമാക്കിയുള്ള കേസുകളായിരുന്നു 1999-2000 വർഷം കേസുകൾ ഉണ്ടായത്. പ്രശ്നം വിശദമായി പരിശോധിച്ചതിനുശേഷം പ്രവേശനപരീക്ഷാ കമ്മീഷണർ തന്നെ ആവശ്യപ്പെട്ടതനുസരിച്ച് കോടതി അംഗീകാരത്തിനു വിധേയമായി റാങ്ക്ലിസ്റ്റ് പുനഃക്രമീകരിച്ചുകൊണ്ട് അഡ്മിഷൻ പ്രക്രിയ പൂർണ്ണമാക്കി.

LIBRARY ARCHIVES Kerala Legislative Assembly